# കേരള സർവകലാശാല

നം. പി.ആർ.024/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.എച്ച്.ഡി നൽകും

കേരള സർവകലാശാല ഫെബ്രുവരി 29-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തടസ്സപ്പെട്ടതിനെത്തുടർന്ന് 50 ഗവേഷണ വിദ്യാർത്ഥികളുടെ പി.എച്ച്.ഡി ഡിഗ്രി അവാർഡ് ചെയ്യുന്നത് മുടങ്ങി. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കയും പി.എച്ച്.ഡി ഡിഗ്രി അവാർഡ് ചെയ്യുന്നത് വൈകുന്നതുമൂലമുണ്ടാകുന്ന ഗണ്യമായ അക്കാഡമിക് വൈഷമ്യങ്ങളും പരിഗണിച്ചുകൊണ്ട് വൈസ് ചാൻസലറുടെ പ്രത്യേക അധികാരം ഉപയോഗിച്ച് താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് പി.എച്ച്.ഡി നൽകാൻ തീരുമാനിച്ചു.

അമൃത ബി.വി, ദിവ്യ ടി. ധരൻ, ലക്ഷ്മി എസ്, ഉഷ എൻ.എസ് (സുവോളജി), അനുശ്രീ എം.ആർ, ഉണ്ണികൃഷ്ണൻ നായർ ബി (സ്റ്റാറ്റിസ്റ്റിക്സ്), അനുപ്രിയ എസ്, രാഖി എ.എം, രമ റാണി എൻ (കെമിസ്ട്രി), അഞ്ജു കെ.എം, അരുൺ കുമാർ ടി.ടി, ശ്രീജിത്ത് പി.എസ്, വർഷ കെ.കെ (ബയോടെക്നോളജി), അനില കെ, ദീപു ജെ.എസ് (ഹിസ്റ്ററി), ബൈജു എസ് (മാത്തമാറ്റിക്സ്), സിസ്റ്റർ ബർത (നഴ്സിംഗ്), ദീപ്തിമോൾ എം.ജെ (ബോട്ടണി), ദർശന ബി.ജി, ശ്രീരേഖ ആർ, ശാലിനി കെ.ജെ (എഡ്യൂക്കേഷൻ), ഇന്ദു ജി. ദാസ്, ഷീജ റാണി ഐ, സിമി ജി (ഹിന്ദി), ജഗത് ബാബു എൻ.ആർ (മെക്കാനിക്കൽ എൻജിനീയറിംഗ്), ജോസ് കുര്യൻ (ഫാർമസ്യൂട്ടിക്കൽ സയൻസസ്), ജയ്നി വർഗീസ്, മഞ്ജുശ്രീ. ടി.എം (എൻവയോൺമെന്റൽ സയൻസ്), മേബൽ എബനേസർ (ഇലക്ട്രിക്കൽ എൻജിനീയറിംഗ്), മാലിനി ആർ, മെഹ്റി സമാനി ദൽഷദ്, സോണി എം.എസ്, സജീന എ.ജെ (സൈക്കോളജി), മുബീന എൽ (ഇസ്ലാമിക് സ്റ്റഡീസ്), മധു ജി, രഞ്ജിത്ത് ആർ, ഷേർളി ടി.ആർ (ഫിസിക്സ്), പ്രതിഭ എസ്. നായർ (ഫ്യൂച്ചർ സ്റ്റഡീസ്), പ്രവീൺ കെ.ആർ (ജിയോളജി), റജിമോൻ പി.കെ (ഫിലോസഫി), രാജീവ് കുമാർ ആർ (ഫിസിക്കൽ എഡ്യൂക്കേഷൻ), രതീഷ് ആർ, സ്വപ്ന കെ. ചെറിയാൻ, ചിയാ അമിൻ പനാ (കൊമേഴ്സ്), വിനീത വി.പി (ബയോകെമിസ്ട്രി), ആശിഷ്, മഞ്ജുഷ പി (ഇക്കണോമിക്സ്), തസ്നി എൽ (അറബിക്), മായദേവി എൻ, ഹേമ രാമചന്ദ്രൻ (ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീറിംഗ്).

## അക്കാഡമിക് കൗൺസിൽ യോഗം

കേരള സർവകലാശാല അക്കാഡമിക് കൗൺസലിന്റെ പ്രത്യേക യോഗം മാർച്ച് 11 രാവിലെ 10 മണിക്ക് സെനറ്റ് ചേംബറിൽ നടത്തും.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് : ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഇന്റർവ്യൂ മാർച്ച് മൂന്ന് രാവിലെ 11 മണിക്ക് പി.എം.ജിയിലെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിൽ നടത്തും. അപേക്ഷകർക്കെല്ലാം അറിയിപ്പ് നൽകിയിട്ടുണ്ട്. അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും പങ്കെടുക്കാം. സീറ്റ് ഒഴിവു വന്നാൽ പരിഗണിക്കും. അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും

കരുതിയിരിക്കണം. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി. കാലാവധി ആറ് മാസം. ഫീസ് 7500/-. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ നടത്തും.

## എം.എഡ് ഫലം

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (മെന്റൽ റിട്ടാർഡേഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 15 വരെ അപേക്ഷിക്കാം.

## പി.ജി പ്രവേശനം : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് പി.ജി അഡ്മിഷനു വേണ്ടിയുള്ള പ്രവേശനപ്പരീക്ഷയ്ക്ക് ഓൺലൈനായി ഏപ്രിൽ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ അഡ്മിഷൻ പോർട്ടലിൽ (www.admissions.keralauniversity.ac.in) ലഭിക്കും.

## പ്രോജക്ട് ഫെലോ

കേരള സർവകലാശാല കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ കെ.എസ്.സി.എസ്.ടി.ഇയുടെ ധനസഹായത്തോടെ എമിററ്റസ് സയന്റിസ്റ്റ് സ്കീമിലേക്ക് പ്രോജ്കട് ഫെലോയുടെ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി മാർച്ച് 14. യോഗ്യതയും വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ മലയാളം (പ്രീവിയസ് & ഫൈനൽ, റീ അപിയറൻസ്) മാർക്ക്ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ മാർച്ച് മൂന്ന്, നാല്, അഞ്ച് തീയതികളിൽ ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം വന്ന് കൈപ്പറ്റണം.

## ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല ഒക്ടോബറിൽ നടത്തിയ അവസാന വർഷ ബി.എസ്സി നഴ്സിംഗ് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(ഒപ്പ്)

**സർവകലാശാല മന്ദിരം,** **ഡോ. ലാൽ സി.എ.**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

01.03.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098